**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 300** **04-10-2021 - ൽ മറുപടിയ്ക്ക്**

**മാവേലി സ്റ്റോറുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എ. രാജ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വിപണിയിൽ കാര്യക്ഷമമായി ഇടപ്പെട്ടുകൊണ്ട് ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക എന്ന നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വിപണിയിൽ കാര്യക്ഷമമായി ഇടപ്പെട്ടുകൊണ്ട് ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക എന്ന നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സപ്ലൈകോ താഴെ പറയും പ്രകാരം നടപടികൾ എടുത്തു വരുന്നുണ്ട്. I) സപ്ലൈകോ വിൽപ്പനശാലകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ വിറ്റുവരവിന്റെ അടിസ്ഥാനത്തിലും കെട്ടിടങ്ങളുടെ ലഭ്യതയ്ക്കനുസരിച്ചും വിപുലീകരിച്ചു വരുന്നു. കുറഞ്ഞത് 700 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ലഭ്യമായാൽ മാവേലി സൂപ്പർ സ്റ്റോറുകളായും 1500 ച.അടിയ്ക്ക് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ലഭ്യമായാൽ സൂപ്പർ മാർക്കറ്റുകളായും ഉയർത്താനുള്ള നടപടികൾ എടുത്തു വരുന്നു. II) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച.അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലകുറവ് ഉള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കി വരുന്നു. III) സ്ഥല സൗകര്യം കുറഞ്ഞ വില്പനശാലകളിലേക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ചു കൊണ്ട് അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നു. IV) മുൻ മാസങ്ങളിലെ വില്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വില്പന, ഉൽസവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വില്പന ശാലകളിലും മതിയായ അളവിൽ അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. V) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങളുടെ സേവനം കൂടി ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ എത്രയും വേഗം വില്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. VI) മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ യഥാസമയം ലഭ്യമാക്കുവാനായി സ്റ്റോക്ക് ലഭ്യമായ ഡിപ്പോകളിൽ നിന്ന് മറ്റു ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖല മാനേജർമാർക്കും നൽകിയിട്ടുണ്ട്. VII) സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സപ്ലൈകോയുടെ കീഴിൽ സുസജ്ജമായ ഒരു ഓഡിറ്റ് & ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിപ്പോ തലത്തിലും, മേഖലാ കാര്യാലയ തലത്തിലും, കേന്ദ്രകാര്യാലയ തലത്തിലും പ്രവർത്തന അവലോകനം നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. VIII) സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേന വില്പനശാലകളിൽ പരിശോധന നടത്തി വരുന്നുണ്ട്. IX) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിന് സ്റ്റോറുകളിൽ ക്യാമറ സർവയിലൻസ് സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. X) മാവേലി സ്റ്റോറിൽ നിന്നും സാധനങ്ങൾ ഓൺലൈനായി ഓർഡർ ചെയ്യുന്നവർക്ക് സാധനങ്ങൾ വീട്ടിലെത്തിക്കുന്നതിനുള്ള പദ്ധതിയും പുരോഗമിച്ചു വരുന്നു. |
| (ബി) | എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പാക്കുന്നത് മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എങ്ങനെയെല്ലാം സഹായകരമാവുമെന്ന് വിശദമാക്കാമോ? | (ബി) | എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ERP) സംവിധാനം നടപ്പാക്കുന്നത് വഴി മാവേലി സ്റ്റോറുകളുടെ സ്റ്റോക്ക് ലഭ്യത, വിൽപ്പന വിവരങ്ങൾ യഥാസമയം അറിയുവാനും അതുവഴി അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുവാനും സാധിക്കുന്നു. ഇത്തരത്തിൽ ERP നടപ്പിലാക്കുന്നത് മാവേലി സ്റ്റോറുകളുടെ സേവനം മെച്ചപ്പെടുത്താൻ സഹായകരമാണ്. പൊതുവിപണിയിൽ വിലനിലവാരം നിയന്ത്രിക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | അവശ്യവസ്തുക്കൾ കുറഞ്ഞവിലക്ക് അർഹരായവർക്ക് വേഗത്തിൽ, എത്തിക്കുന്നതിനും വേണ്ടി ഫലപ്രദമായ രീതിയിൽ വിപണിയിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന സപ്ലൈകോയിൽ നിലവിലുള്ള 1500-ൽ പരം ഔട്ട് ലെറ്റുകളെയും, 56 ഡിപ്പോകളെയും കമ്പ്യൂട്ടർ വഴി ബന്ധിപ്പിച്ചുകൊണ്ട് സമഗ്രമായ പദ്ധതി രൂപരേഖ (Detailed Project Report) അടിസ്ഥാനമാക്കി ERP (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) സോഫ്റ്റ് വെയർ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ